Cut Motion

(1) The inadvisability of creating new structures

Mr. M. O. Thomakuy *(Commerce and Industry)*: The cut motion standing in my name is to reduce the allotment of Rs. 20,000 for "*33-Industries-Direction and Inspection*-Miscellaneous" in demand No. 14 by Re. 1.

To discuss the inadvisability of the scheme of erecting new structures or reconstructing the Anchal Office in view of the fact that the increasing vehicular traffic by the High Road has to be directed to a new road connecting the Trichur Bus stand road direct to Kattapuram road, which will pass through the proposed site.

I have tabled a cut motion on this item just to point out to Hon'ble Members of this House that I do not agree with the scheme of new structures or the reconstruction of the existing Anchal Office buildings in order to house Industrial Museum, marketing society, etc. I wish to inform this Council that the acquisition of the plot referred to is quite necessary but not for the purpose mentioned in the note on the supplementary demand. I have no hesitation to state that if the Governmant put up new structures in the plot referred to, they would have to be pulled down in the near future to serve a purpose to which I shall be referring just now.

This House must realise the increasing traffic in the Trichur High road and the urgency to to divert at least a part of such traffic without which life in Trichur will be most unhealthy and even unsafe. The Trichur Municipality considered a proposal to connect the Trichur bus stand to the Kattapuram road which leads up to Alumvettuvazhi. The Municipality has not yet taken up this scheme probably for want of funds and proper support on the part of the Government. This Council should know that the proposed linking will, besides helping to divert the increasing vehicular traffic will immensily enhance the beauty of the Trichur Town. Another notworthy aspect of the scheme is that, all these can be accomplished without much cost if the proposal is earnestly taken up now. The distance from the bus stand to the Kattapuram road is only about 1½ furlongs. Parambas and fields which form the major part of this distance do not have buildings in them at present. There are only about half a dozen petty structures on the remaining part of the distance. If the proposal will cost 1½ lakhs, if delayed for anothea two years and much if further postponed. It is only an accident that the sites in question lying in the very heart of the Town have few buildings onthem at present.

The increasing traffic especially in High Road and and the urgency to divert the traffic forthwith have been already brought to the pointed notice of the Municipality and the Government. That this road will greatly enhance the beauty and outlook of the Town can be very easily understood by the Honourable Members when they realise that the proposed road if constructed will enable one standing at the Southern Gopuram of the Vadakkunathan temple to see far off Koorkancheri. All lines lying to the South of Trichur are most conveniently connected to the shady Alumvettuvazhi which was the busiest road some years back.

The site proposed to be acquired is perhaps the busiest spot in Trichur, flooded with dust and all other nuisance. According to me it is most unsuitable locality for the housing of Government offices.

In spite of the fact that the Government have been showing a step-motherly attitude to the Town of Trichur, I might say that this historic town centrally situated has been progressing by leaps and bounds growing into the premier town of this State. This proposal to connect the bus stand *i.e.*, the Municipal road with the Kattupuaram road is definitely a necessity which no sensible person can overlook. This road of which I am speaking has to come and it can pass through this spot only. There is no other outlet. I am not an Engineer but I do know the Geographical situation of Trichur much better than our Executive Engineers. I can safely challange them on this point, whoever may have recommended this scheme. I wish to remark that it is unfortunate that the person who recommended this scheme had not the brains or eyes to see and realise that Trichur Town shall suffocate without this beautiful I might even say strategic outlet.

I, therefore, most earnestly commend to this Council, that the site referred to, should certainly be acquired not for the purpose mentioned in the note but for the construction of the road I have pointed out. It will be most unwise to put up new structures on the plot referred to.

മിസ്റ്റർ ജോസ് കെ. വള്ളിസ്സ്: സർ, ഞാൻ ഈ കട്ട്മോഷനെ അനുകൂലിക്കുന്നു. ഇപ്പോഴുള്ള ഹൈറോഡ് വളരെ വീതികുറഞ്ഞതും ബസ്സ്ടാഫിക്ക് വളരെ അധികമുള്ളതുമാണ്. എറണാകുളത്തുനിന്നു വടക്കോട്ടുള്ളതും, കൊടുങ്ങല്ലൂർ, കല്ലേറുങ്കര, ഇരിങ്ങാലക്കുട

LIBRARY ARCHIVES Kerala Legislative Assembly

തൃപ്രയാർ ഈ സ്ഥലങ്ങളിൽനിന്നുള്ളതുമായ എല്ലാബസ്സുകളും അതിലെയാണ് പോകുന്നതു്. റോഡിന്റെവീതിനോക്കിയാൽ മറ്റു അടിയിൽ കൂടുതൽ കാണുകയില്ല. മറ്റുറോഡുകളേക്കാൾ വളരെ വീതികുറവാണു്. അഞ്ചലാഫീസിന്റെ പടിഞ്ഞാറുവശത്തുകൂടി ഒരു വഴി തെക്കോട്ടു പോകുന്നുണ്ടു്. അതു കുട്ടപ്പുറംറോഡുവരെ നീട്ടാൻകഴിയും. അതിനു കുറച്ചുസ്ഥലമേ അകപയർ ചെയ്യേണ്ടതായിവരികയുള്ളു. ബാക്കിയുള്ളസ്ഥലം മുനിസിപ്പാലിറ്റിയുടെ കൈവശമുള്ളതാണു്. അതിലെ ഒരു റോഡുണ്ടാക്കി കുട്ടപ്പുറം റോഡുവരെ എത്തിച്ചു് ബസ്സ്ട്രാഫിക്കു് അതിലേക്കുടി തുക്കിയാൽ ഹൈറോഡിലെ നൂയിസൻസിനു് വളരെ കുറവുണ്ടാകും. ഇതിനെ സംബന്ധിച്ചു ഞങ്ങളിൽ പലരുംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ അടുക്കൽ അപേക്ഷിച്ചിട്ടുള്ളതാണു്. ഹൈറോഡിന്റെ രണ്ടുവശത്തുമുള്ള ഫുട്പാത്തു് ചില വീട്ടുകാരുടെ ഉപയോഗത്തിനായി കൊടുത്തതുപോലെതോന്നുന്നു. ജനങ്ങൾക്കു നടക്കാൻവേണ്ടിയാണു് ഫുട്പാത്തുണ്ടാക്കിയിട്ടുള്ളതു്. പക്ഷെ ഇപ്പോൾ അതു് അതിനുപകരിക്കുന്നില്ല. ഫ്രഫസ്സൽ ഇതിനെ സംബന്ധിച്ചു് മുനിസിപ്പാലിറ്റി ഒരു പ്രമേയം പാസ്സാക്കി ഗവൺമെണ്ടിലേക്കു് അയച്ചു എങ്കിലും ഒരു ആക്ഷനുമുണ്ടായില്ല. ഫ്രഫ്രവ്യ-ൽ പിന്നീടും ഒരു റസല്യൂസൻപാസ്സാക്കി അയച്ചതിനും ആക്ഷനുണ്ടായില്ല. അതിനുശേഷം ദിവാൻജിയുടെ അടുക്കലും മന്ത്രിയുടെ അടുക്കലും ഞങ്ങൾ സങ്കടം ബോധിപ്പിക്കുകയുണ്ടായി. അതിനും മുടന്തൻ മറുപടിയാണു് കിട്ടിയതു്. ഇനി ഞങ്ങൾ എന്താണു് ചെയ്യേണ്ടതു്. ഒന്നുകിൽ ഫുട്പാത്തിൽകൂടി ജനങ്ങൾക്കു നടക്കാനുള്ളസൌകര്യമുണ്ടാക്കിത്തരുക, അല്ലെങ്കിൽ ആ റോഡിലെ ബസ്സ്ട്രാഫിക്കു് നിർത്തിത്തരിക. ഇതാണു് എനിക്കുപറയാനുള്ളതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : സർ, ഈ കട്ട്മോഷൻ കൊണ്ടുവന്ന ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ഒരു സംഗതിയിലാണു് കേന്ദ്രീകരിച്ചിരിക്കുന്നതു്. അതു മറ്റൊന്നുമല്ല. ഇപ്പോൾ എറണാകുളം, ഇരിങ്ങാലക്കുട, തൃപ്രയാർ മുതലായ സ്ഥലങ്ങളിൽ നിന്നുള്ള ബസ്സുകൾ ഹൈറോഡിൽ കൂടിവരുന്നു എന്നുള്ളതാണു്. അതു വാസ്തവമാണു്. എന്നാൽ ആ ബസ്സുകൾ ആ വഴിയിൽ കൂടി മാത്രമേ വരാൻ പാടുള്ളുഎന്നില്ല. ഇതിനുമുമ്പു് ഏതാനും ബസ്സുകൾ മറ്റൊരുവഴിയിൽകൂടിയാണു് വന്നിരുന്നതു്. ആ ബസ്സുകളും ഹൈറോഡിൽ കൂടി ഇപ്പോൾ വരുന്നതുകൊണ്ടാണു് വിഷമമുണ്ടെന്നു പറയുന്നതു്. എന്നാൽ ഈ കട്ട്മോഷനു ഇതിൽ സ്ഥാനമില്ലെന്നാണു് ഞാൻ പറയുന്നതു്. അവിടെ കുഞ്ചലാപ്പീസ്സുണ്ടു്. അതു ഗവൺമേണ്ടു വക സ്ഥലമാണു്. അതിന്റെ കിഴക്കുഭാഗത്തു കൂടി തെക്കുവടക്കു് ഒരു വഴിയുണ്ടു്. ആ വഴി നേരിട്ടു കുട്ടപ്പുറം റോഡുവരെ എത്തിക്കാൻ സാധിക്കും. പക്ഷെ അതിനുവളരെ പണം ചിലവുണ്ടു്. പൊല്ലീസ്സു് ഹെഡ് ആപ്പീസ്സിൽകൂടി, എരട്ടച്ചിറവഴി കൂടി പാടത്തുകൂടിവേണം ആ റോഡിൽ എത്തിക്കാൻ. അതു പെട്ടെന്നു സാദ്ധ്യമല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : കുട്ടപ്പുറം റോഡ് എങ്ങിനെയുണ്ടാക്കിയതാണു്, പാടത്തുകൂടിയുണ്ടാക്കിയതല്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ഇത്രവളരെ പണം ചിലവാക്കി അങ്ങിനെയൊരു റോഡുണ്ടാക്കാതെ തന്നെ നമ്മുടെ ഉദ്ദേശം സാധിക്കും. ഇപ്പോൾ കുറച്ചുകാലമായിട്ടാണു് ഇരിങ്ങാലക്കുട മുതലായ സ്ഥലങ്ങളിൽ നിന്നും വരുന്ന ബസ്സുകൾ ഹൈറോഡിൽ കൂടിവരുന്നതു്. അതു് ഇനിയും മാറ്റാൻ സൌകര്യമുണ്ടു്. അങ്ങിനെ ഈ വിഷമത്തിനു പരിഹാരമുണ്ടാക്കാം. പിന്നെ ഈ റോഡുണ്ടാക്കുന്നതിനുള്ള മറ്റൊരു തടസ്സം അഞ്ചലാപ്പീസ്സ് നില്ക്കുന്ന സ്ഥലത്തു് ഒരു കെട്ടിടം കെട്ടണമെന്നു് ഉദ്ദേശിച്ചിട്ടുള്ളതാണു്. തൃശ്ശിവപേരൂർ പട്ടണത്തിൽ ഏറ്റവും പ്രാധാന്യമേറിയതും വിശേഷമേറിയതുമായ സ്ഥലമാണു് മുനിസിപ്പൽ റോഡു്. അതിന്റെ തെക്കുവശത്താണു് അഞ്ചലാപ്പീസ്സു്. ആ സ്ഥാനത്തു് ഒരു നല്ല കെട്ടിടം കെട്ടണമെന്നാണു് ഉദ്ദേശം.

മിസ്റ്റർ എ. ഒ. തോമക്കുട്ടി : ഈ റോഡുണ്ടാക്കി അതിന്റെ അരികിൽ കെട്ടിടം പണിതാൽ അതിന്റെ ഭംഗി പോകുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : തെക്കേഗോപുരത്തിൽ നിന്നു തെക്കോട്ടുനോക്കിയാൽ ഇത്രനല്ല ഭംഗി വേറെയെങ്ങും കാണുകയില്ല. അതുകൊണ്ടു് അവിടത്തന്നെ പണികഴിപ്പിച്ചാലാണു് കൂടുതൽ ഭംഗിയുണ്ടാകുക.

മിസ്റ്റർ എം. ഒ. തോമക്കുട്ടി : തെക്കോട്ടു റോഡുണ്ടാക്കി അതിന്റെ അരികിൽ കെട്ടിടം പണിയുകയാണെങ്കിൽ ആ റോഡു് ലണ്ടൻപട്ടണത്തിലെ റോഡുകൾപോലെയൊ പാരീസ്സു പട്ടണത്തിലെ റോഡുകൾപോലെയോ മനോഹരമാകുകയില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി : ബഹുമാനപ്പെട്ട മെമ്പർ ഹൈറോഡിൽ താമസിക്കുന്നതു കൊണ്ടാണു് അവിടത്തെ വിഷമങ്ങൾ അന്വേഷണത്തിന്റെ നിലയിൽ പറയുന്നതു്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ് : ഗവൺമെന്റിന്റെ അടുക്കൽ ഇതിനെക്കുറിച്ചു് പല തവണയും ആക്ഷേപം ബോധിപ്പിച്ചിട്ടുണ്ടു്. അതിനൊന്നും ഇതുവരെ പരിഹാരമുണ്ടായിട്ടില്ല. ഇനിയെന്താണു് മാർഗ്ഗം. ഇനി സത്യാഗ്രഹം തുടങ്ങുകയോ, മന്ത്രിയുടെ കാർ വരുമ്പോൾ വഴിയിൽ കിടക്കുകയോ എന്താണു് വേണ്ടതു് എന്നറിഞ്ഞുകൂടാ.

മിസ്റ്റർ സി. ആർ ഇയ്യുണ്ണി : ഞാൻ മാത്രമല്ല പബ്ലിക്കു് വർക്സും് മന്ത്രി, ചീഫ് എഞ്ചിനീയർ, ഇൻഡസ്ട്രിയൽ ഡയറക്ടർ, അഞ്ചൽ സൂപ്രണ്ടു് മുതലായവർ കൂടി ആലോചിച്ചു ഇങ്ങനെ ഒരു കെട്ടിടം പണിയുന്നതിനു് ഈ സ്ഥലമെടുക്കണമെന്നു തീരുമാനിച്ചതാണു്.

റാവുസാഹിബു് കെ. അയ്യപ്പൻ : ബഹുമാനപ്പെട്ട മെമ്പർ മന്ത്രിയെന്നു പറഞ്ഞതു് റവന്യൂ മന്ത്രിയെക്കുറിച്ചല്ല എന്നു വിശ്വസിക്കുന്നു.

മിസ്റ്റർ ജോസ് കെ. വർഗീസ് : അല്ല.

റാവുസാഹിബു് കെ. അയ്യപ്പൻ : അതുകൊണ്ടു് ഇതിനെക്കുറിച്ചു് എനിക്കു രണ്ടുവാക്കു പറയേണ്ടതുണ്ടു്. തൃശ്ശിവപേരൂർ ഒരുറോഡിലെ എൻക്രോച്ചുമെന്റിനെപ്പറ്റിയാണു് മെമ്പർ പറഞ്ഞതു്. എൻക്രോച്ചുമെന്റു് ഉള്ളതായി ഞാൻകണ്ടു. എൻക്രോച്ചുമെന്റു് നീക്കിട്ടുന്നതിനെപ്പറ്റി വീണ്ടും ആലോചിക്കുവാൻ മുനിസിപ്പാലിറ്റിയോടാവശ്യപ്പെട്ടു. മുനിസിപ്പാലിറ്റിയുടെ തീരുമാനം മാറ്റാൻ നിവൃത്തിയില്ലെന്നാണു് അവർ അറിയിച്ചതു്. ഇതു വളരെ കാലമായി തക്കത്തിലിരിക്കുന്ന ഒരു കാര്യമാണു്. പല കൌൺസിലുകളുടെ കാലം കഴിഞ്ഞിട്ടും ഈ എൻക്രോച്ചുമെന്റു് നീക്കാൻ സാധിച്ചിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ : എൻക്രോച്ചുമെന്റു് നീക്കാൻ മുനിസിപ്പാലിറ്റിക്കധികാരമില്ലേ?

റാവുസാഹിബു് കെ. അയ്യപ്പൻ : ഞാൻ അതിനെക്കുറിച്ചല്ല പറയുന്നതു്. ഇതു മുഴുവൻ മുനിസിപ്പാലിറ്റിയുടെ അധികാരത്തിൽ പെടേണ്ടതാണു്. അവർക്കു വേണ്ടിടത്തോളം അധികാരം കൊടുക്കുന്നില്ലെന്നുള്ളതിനെ സംബന്ധിച്ചു് മെമ്മോറാണ്ടവും ഡപ്യൂട്ടേഷനും മറ്റും വരുന്നുണ്ടു്. എന്നെ സംബന്ധിച്ചിടത്തോളം മുനിസിപ്പാലിറ്റിയുടെ തീരുമാനങ്ങളിൽ കഴിയുന്നതും ഇൻറർഫിയർ ചെയ്യരുതു്, അവരുടെ സ്തുപാർശകൾ സമ്മതിച്ചുകൊടുക്കണമെന്നാണു് ഉദ്ദേശം. ഈ കാര്യത്തെ സംബന്ധിച്ചു് റീകൺസിഡർ ചെയ്യാൻ ഞാൻ മുനിസിപ്പാലിറ്റിയോടു് ആവശ്യപ്പെട്ടു. അവർ അതിനെ റീകൺസിഡർ ചെയ്തിട്ടു് അതിൽ പ്രവേശിക്കേണ്ട ആവശ്യമില്ലെന്നാണു തീർച്ചയാക്കിയതു്. സത്യാഗ്രഹം മന്ത്രിമാരുടെ അടുക്കൽമാത്രമല്ല, മുനിസിപ്പൽ മെമ്പർമാരുടെ അടുക്കലും നടത്താം. എന്തുകൊണ്ടു് സത്യാഗ്രഹം ഞങ്ങളുടെ അടുക്കൽമാത്രം കൊണ്ടുവരുന്നു. എന്നെ സംബന്ധിച്ചിടത്തോളം ഉള്ള അഭിപ്രായം കഴിയുന്നിടത്തോളം മുനിസിപ്പാലിറ്റിയുടെ അഭിപ്രായത്തിൽ കയ്യിടരുതു് എന്നുള്ളതാണു്.

മുനിസിപ്പാലിറ്റികളുടെ തീരുമാനങ്ങളിൽ കഴിയുന്നതും ഗവൺമെന്റു് എതിരായിവരരുതു് എന്നാണു് എന്നെ സംബന്ധിച്ചിടത്തോളമുള്ള അഭിപ്രായം. ആ നിലപാലിക്കുവാൻ എന്നെ സഹായിക്കണമെന്നാണു് ഞാൻ പറയുന്നതു്.

മിസ്റ്റർ ജോസ് കെ. വർഗ്ഗീസ് : ഫ ഫ ഫന്ദ-ൽ ഇതിനെപ്പറ്റി ഒരു പ്രമേയം പാസ്സാക്കീട്ടുണ്ടു്. അതിനുശേഷം ഫ ഫ ഫവ-ലും ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി. മുൻസിപ്പാലിറ്റിയിൽ ഒരു പുതിയ B. E. എൻജിനിയറെ വേണമെന്നു് പാസ്സാക്കി. തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റി ഒരു റബ്ബർനാടപോലെയുള്ള മുനിസിപ്പാലിറ്റിയാണു്. എൻജിനീയറെ വേണമെന്നു് പറഞ്ഞിട്ടു് ആപ്ലിക്കേഷൻ ക്ഷണിച്ചു. എന്നിട്ടു് യാതൊരു എ. ബി. സി. ഡി. യും. നിശ്ചയമില്ലാത്ത ഒരാളെ എഞ്ചിനീയരായി നിയമിച്ചു. അതും ഗവൺമെന്റു് അംഗീകരിച്ചു.

റാവുസാഹിബു് കെ. അയ്യപ്പൻ : തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റി ഒരു റബ്ബർപോലെയുള്ള മുനിസിപ്പാലിറ്റിയാണെന്നു് ഗവൺമെന്റിനു ധാരണയില്ല. ഉത്തരവാദിത്വത്തോടുകൂടി ഭരിക്കപ്പെടുന്നതും നാട്ടുകാരെ പ്രതിനിധീകരിക്കുന്നതുമായ ഒരു മുനിസിപ്പാലിറ്റിയാണെന്നാണു് ഞാൻ വിചാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഒ. തോമക്കുട്ടി: മുനിസിപ്പാലിറ്റിയുടെ അഭിപ്രായം അക്ഷരം പ്രതി പ്രവൃത്തിക്കണമെന്നുള്ളതു് വളരെ മോശമാണു്. അവക്കുള്ള വീഴ്ചകളെ നമ്മൾ പരിഹരിപ്പിക്കുവാനാണു് നോക്കേണ്ടതു്. അല്ലാതെ മുനിസിപ്പൽ കൌൺസിലിൽ വരുന്നകാര്യങ്ങൾ അക്ഷരം പ്രതി പാലിച്ചു്, അലോഹ്യമില്ലാതെ മാറിയിരിക്കുന്നതെങ്കിൽ അതു് അബദ്ധമാണെന്നാണു് ഞാൻ വിചാരിക്കുന്നതു്. അതുകൊണ്ടു് ഈവക കാര്യങ്ങളിൽ വഴി കൊടുത്തിട്ട കാര്യമില്ല. അതുകൊണ്ടു് ഈക്കാര്യം കൂടുതൽ ആലോചനയ്ക്കു് പൊതുമരാമത്തു മന്ത്രിയ്ക്കു് വിട്ടുകൊടുത്തുകൊണ്ടു്, അദ്ദേഹം അനുകൂലമായ വിധത്തിൽ പ്രവൃത്തിക്കുമെന്നു് പ്രതീക്ഷിച്ചുകൊണ്ടും ഞാൻ ഇതിനെ പിൻവലിച്ചുകൊള്ളുന്നു.

റാവുസാഹിബു് കെ. അയ്യപ്പൻ: മുനിസിപ്പാലിറ്റി തരുന്ന അഭിപ്രായവും, മറ്റുള്ളവരുടെ അഭിപ്രായവും ഒക്കെആറിഞ്ഞിട്ടുവേണം മന്ത്രിക്കു് പ്രവൃത്തിക്കുവാൻ. മന്ത്രി സർവ്വജ്ഞനൊന്നുമല്ല. മന്ത്രിയുടെ തീരുമാനപ്രകാരം ഒരുകാര്യം നടത്തണമെന്നുണ്ടെങ്കിൽ പലസ്ഥലത്തും നിന്നുള്ള അഭിപ്രായങ്ങളും കൂടി വരണം. അപ്പോൾ മാത്രമാണു് മന്ത്രിക്കു് വിവരങ്ങളും അറിയുവാൻ സാധിക്കുക അല്ലാതെ മറ്റൊന്നും തെറ്റാണെന്നു് തീരുമാനിക്കുവാൻ മന്ത്രിക്കു് നിവൃത്തിയില്ല. അതുകൊണ്ടു് മന്ത്രിക്കു് ഒരു തീരുമാനം ചെയ്യണമെന്നുണ്ടെങ്കിൽ അതിനു് പൊതുജനങ്ങളുടെ സഹായവും ഉപദേശവും ഏറ്റവും വിലയേറിയതും, അത്യാവശ്യവും ആയിട്ടുള്ളതാണു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതിനു് എങ്ങിനെ വേണമെങ്കിലും സഹായിക്കുവാൻ ഒരുക്കമാണു്.

Deputy President : May I understand the motion has been withdrawn by the Hon'ble Member?

Mr. M. O. Thomakttuy *(Commerce and Industry) :* Yes.

Motion by leave withdrawn

Deputy President : The question is that Government be granted a sum of Rs. 20,000 under "33-Industries—Direction and Inspection—Miscellaneous".

(Demand put and carried)

(xii)-"41-Miscellanous"

Mr. C. R. Iyyunni *(Minister for Revenue):* I move for an additional allotment of 5 lakh of rupees under "41-Miscellaneous—7-Other heads—6-transfer to Industrial Development".

As recommended by the Industrial Development Committee Government have created an Industrial Development fund for rendering assistance to industries in the State. The fund was constituted in Chingam 1121 with a lump sum of Rs. 25 lakhs. As suggested by the Committee it was decided that a sum of Rs. 5 lakhs or as much as the realised surplus of the closed year will permit will be added annually to the fund for a period of 10 years from 1122 by way of recurring grant. The Comptroller of Finance and Accounts was asked to make proposals for the grant of 1122. He recommends that a sum of 5 lakhs may be transferred to the Industrial Development fund as the grant of the year 1122. The surplus of 1121 comes to Rs. 42,27,548. the actual amount to be transferred to the fund as the grant for this year has to be fixed in relation to the Revenue surplus of 1121 no provision for this expenditure has been made in the 1122 Budget. No reappropriation also is possible as the amount is large. An additional provision of 5 lakhs is therefore necessary under the head "41-Miscellaneous—7-Other heads—6-transfer to Industrial Development Funds", in the Budget of 1122. I request that the demand may be granted.

Deputy President : The question is that the Government be granted a sum of Rs. five lakhs under "41-Miscellaneous—7—Other heads—6-transfer to Industrial Development Funds."

(Demand put and carried)

(xiii) 15-Anchal—Printing charges

Rao Sahib K. Ayyappan *(Minister for Public Works):* I rise to move for an additional allotment of Rs. 11,004 under "15-Anchal—Printing charges".

Consequent on the increase of printing charges for printed forms supplied in 1121 a sum of Rs. 11,004—2—11 still remains to be adjusted. The allotment for the current year is only Rs. 8,000 which will be necessary to meet the requirements of this year. There are also no

LIBRARY ARCHIVES Kerala Legislative Assembly